ഭരണഭാഷ-മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
മൂന്നാം നില, റവന്യൂ കോംപ്ലക്സ്
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB3/6512(B)/13/സിഇ/തസ്വഭവ

തീയതി: 08.12.2021

# സർക്കുലർ

വിഷയം:- തസ്വഭവ – ഇ എം ബുക്ക് ഉൾപ്പെടുന്ന PRICE 3 സോഫ്റ്റ് വെയർ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- GO(Rt) No: 222/2021/LSGD Dated 27.01.2021

സൂചന(1) പ്രകാരം തദ്ദേശസ്വംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും വകുപ്പിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം സുതാര്യത ഉറപ്പവരുത്തുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിൽ e-measurment book ഉൾപ്പെടുന്ന PRICE 3 നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. 2022 ജനുവരി 1 മുതൽ PRICE 3 നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. ആയതിന്റെ ഭാഗമായി PRICE 3-യുടെ Demo Site-ന്റെ URL ഇതിനോടൊപ്പം ചേർത്തിരിക്കുന്നു. എല്ലാ ജീവനക്കാരും ആയത് പ്രയോജനപ്പെടുത്തി PRICE 3 പരിചയപ്പെടേണ്ടതാണ്. കൂടാതെ ഡിസംബർ 14, 15, 16 തീയതികളിലായി ഈ വിഭാഗത്തിലെ എല്ലാ ജീവനക്കാർക്കും PRICE 3 Software-ന്റെ പരിശീലനം (Online video conferencing മുഖാന്തിരം) നൽകുന്നതാണ്. ഒരു പ്രവൃത്തിയുടെ ഫയൽ ആരംഭിച്ച്, എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി കരാറിലേർപ്പെടൽ, Site handover, അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ എന്നീ നടപടി ക്രമങ്ങളെല്ലാം തികച്ചും സുതാര്യമായി Online-ലൂടെ PRICE 3 വഴി

നടപ്പിലാക്കപ്പെട്ടുമെന്നതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സാങ്കേതികവിഭാഗം ജീവനക്കാർ നിർബന്ധമായും പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

2022 ജനുവരി ഒന്നു മുതൽ PRICE 3 യിലൂടെ മാത്രമേ എസ്റ്റിമേറ്റ് ആരംഭിക്കാൻ കഴിയുകയുള്ളൂ.

Demo Site URL ⟶ http://164.100.150.106:8082/price3_lsgd_demo

User id ആയി PEN നൽകേണ്ടതാണ്. Password, Captcha എന്നിവ നൽകേണ്ടതില്ല.

ചീഫ് എഞ്ചിനീയർ

As/-